**'ഭരണഭാഷ-മാതൃഭാഷ'**

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്**

വിഷയം: പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം – ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ സമാന തസ്തികയിലെ സ്ഥലംമാറ്റം /സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: ബന്ധപ്പെട്ട അദ്ധ്യാപകരുടെ അപേക്ഷ.

**ഉത്തരവ് നമ്പർ ഡി5/7500/2019/ഡി.ജി.ഇ. തീയതി.18/02/2020**

പൊതുവിദ്യാഭ്യാസ വകുപ്പിലെ പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒഴിവുകളിലേക്ക് പരാമർശം (1) പ്രകാരം സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചുവടെ ചേർക്കും പ്രകാരം സ്ഥലംമാറ്റം ഉടൻ പ്രാബല്യത്തിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പ്രധാനാധ്യാപകൻ/ പ്രധാനാധ്യാപിക യുടെ പേര് | നിലവിലെ സ്കൂൾ/ ഓഫീസ് | സ്ഥലംമാറ്റം നൽകി നിയമിച്ച സ്കൂൾ/ഓഫീസ് | റിമാർക്സ് |
|---|---|---|---|---|
| 1 | ബാഹുലേയൻ.എസ്, | ജി.എച്ച്.എസ്.എസ്. ഫോർ ബോയ്സ് വൈക്കം. | ജി.ജി.എച്ച്.എസ്. ധനുവച്ചപുരം, തിരുവനന്തപുരം. | |
| 2 | ശ്രീജ. കെ | ജി.എച്ച്.എസ്.എസ്. തേവർവട്ടം, ആലപ്പുഴ | ജി.ജി.എച്ച്.എസ്.എസ്. മലപ്പുറം | |
| 3 | മുരളീധരപണിക്കർ. ആർ.കെ. | എ.ഇ.ഒ. കുന്ദമംഗലം, കോഴിക്കോട് | ഗവ.എച്ച്.എസ്.എസ്. എൻ.ജി.ഒ ക്വോർട്ടേഴ്സ്, കോഴിക്കോട് | |
| 4 | പോൾ. കെ.ജെ | എ.ഇ.ഒ. പിറവം, എറണാകുളം | എ.ഇ.ഒ. കുന്ദമംഗലം, കോഴിക്കോട് | |

**സ്ഥാനക്കയറ്റം**

വകുപ്പ്തല സ്ഥാനക്കയറ്റ കമ്മിറ്റി (ലോവർ) 03.09.2019 ൽ അംഗീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട താഴെപ്പറയുന്ന അധ്യാപകരെ സ്ഥാനക്കയറ്റം നൽകി സർക്കാർ ഹൈസ്കൂൾ പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/റ്റി.റ്റി.ഐ പ്രിൻസിപ്പാൾ സമാന തസ്തികകളിലേക്ക് 39500-83000/- ശമ്പള നിരക്കിൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| Sl. No | Rank No | Name of Teacher | Date of Birth | Name of Present School | Institution in which Posted as HM/AEO | |
|---|---|---|---|---|---|---|
| 1 | 975 (97-2000) | **V. JAYA LALITHA** | 31.03.1967 | Govt. BHSS Parayancheri, Kozhikode | GFHSS Nattika, Thrissur | as per GO(P)No. 20/2004 P&ARD dated.10.11.2004 |
| 2 | 1491 | **SANTHOSH KUMAR T S** | 15/05/1969 | Govt. City HSS Kannur | GHSS for Boys Vaikom, Kottayam | |

| | | | | | | |
|---|---|---|---|---|---|---|
| 3 | 1492 | **GEETHA M G** | 25/05/1972 | GHSS Irikkur | GHS Anappara, Wayanad | |
| 4 | 1493 | **BIJIMOL O K** | 03/04/1972 | GHSS Kannadiparamba | AEO, Piravom, Ernakulam | |
| 5 | 1494 | **LEKHA GOVINDAN** | 31/05/1973 | GHSS Munderi, Kannur | GHSS Thevarvattom, Alappuzaha | |

സ്ഥാപന മേധാവികൾ സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകരെ ഉടൻ പ്രാബല്യത്തിൽ പുതിയ ലാവണങ്ങളിലേക്ക് വിടുതൽ ചെയ്യേണ്ടതാണ്. ലഭിച്ച സ്ഥാനക്കയറ്റം പരിത്യജിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ 7 ദിവസത്തിനുള്ളിൽ പരിത്യജപത്രം നിയന്ത്രണാധികാരി മുഖേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകളിലെ എച്ച്.എസ്.എ മാരുടെ 1991 മുതൽ 1996 വരെയും 1997 മുതൽ 2000 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരെയാണ് ഈ ഉത്തരവിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചിരിക്കുന്നത്.

കേരള ഫിനാൻഷ്യൽ കോഡ് പാർട്ട് 1 അദ്ധ്യായം 5 ചട്ടം 93(എ) പ്രകാരം റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജ് അനുസരിച്ച് സ്ഥാപനത്തിന്റെ ചാർജ്ജ് എടുക്കുകയും കൈമാറുകയും ചെയ്യാവുന്നതാണ്. സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകരുടെ സീരിയൽ നമ്പർ റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജിന്റെ (ആർ.റ്റി.സി) മുകൾഭാഗത്ത് രേഖപ്പെടുത്തേണ്ടതാണ്. ആർ.റ്റി.സി യിൽ വീടിന്റെ മേൽവിലാസവും, വ്യക്തിഗത ടെലിഫോൺ നമ്പരും താഴെയായി രേഖപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

എസ്.സി, എസ്.റ്റി വിഭാഗത്തിൽപ്പെടുന്ന അധ്യാപകർക്ക് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്ന് 3 വർഷത്തെ ഇളവുമാത്രമാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. 3 വർഷം പൂർത്തിയാകുമ്പോൾ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയില്ലായെങ്കിൽ നൽകിയ സ്ഥാനക്കയറ്റം റദ്ദ് ചെയ്ത് തരംതാഴ്ത്തുന്നതാണെന്നും അറിയിക്കുന്നു. 3 വർഷത്തിനുള്ളിൽ ടി അധ്യാപകർ മതിയായ ഡിപ്പാർട്ട്മെന്റൽ യോഗ്യതകൾ നേടിയിട്ടില്ലായെങ്കിൽ ആ വിവരം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ രേഖാമൂലം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

പുതിയ ലാവണത്തിൽ പദവി ഏറ്റെടുത്ത ശേഷം ആയത് ബന്ധപ്പെട്ട കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

***പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലേക്ക് നേരിട്ട് ആർ ടി സി നൽകേണ്ടതില്ല. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്കുള്ള ആർ ടി സി കൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറേറ്റുകളിൽ നൽകുകയും ബന്ധപ്പെട്ട***

***വിദ്യാഭ്യാസ ഉപഡയറക്ടർമാർ ആർ ടി സി കൾ മുഴുവനായും ശേഖരിച്ച് ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.***

സ്ഥാനക്കയറ്റ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. (www.education.kerala.gov.in , DGE Announcements) ടി ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് അതാത് സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിനും വിടുതൽ ചെയ്യുന്നതിനും നിർദ്ദേശിക്കുന്നു. സ്ഥാപന മേധാവികൾക്ക് ഈ ഓഫീസിൽ നിന്നും പ്രത്യേകമായി ഉത്തരവ് അയയ്ക്കുന്നതല്ല. ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്.

സർക്കാർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/ റ്റി.റ്റി.ഐ പ്രിൻസിപ്പാൾ സമാന തസ്തികകളിലേക്ക് നടത്തിയിരിക്കുന്ന സ്ഥാനക്കയറ്റം സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ ബോധ്യപ്പെട്ടാൽ ആയത് പുനഃപരിശോധനക്ക് വിധേയമാക്കുന്നതായിരിക്കും.

(ഒപ്പ്)
**ജീവൻ ബാബു കെ, ഐ എ എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ, കേരള**
**തിരുവനന്തപുരം**

**// അംഗീകാരത്തോടെ //**

**സൂപ്രണ്ട്**

സ്വീകർത്താക്കൾ:-

1. ബന്ധപ്പെട്ട ഹെഡ്മാസ്റ്റന്മാർക്ക്
2. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക്
3. ബന്ധപ്പെട്ട അധ്യാപകർക്ക്
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം

കരുതൽ ഫയൽ